പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4941 — 27.10.2016-ൽ മറുപടിക്ക്

# പാറക്വാറികളുടെ എണ്ണം

ചോദ്യം — ഉത്തരം

ശ്രീ.ജി.എസ്.ജയലാൽ — ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പാറ ക്വാറികളുടെ എണ്ണം റവന്യൂ വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; | (എ) & | സംസ്ഥാനത്തിലെ പാറ ക്വാറികളുടെ എണ്ണം റവന്യൂ വകുപ്പ് പ്രത്യേകമായി കണക്കാക്കി സൂക്ഷിച്ചിട്ടില്ല. വ്യവസായ വകുപ്പിന് കീഴിലെ മൈനിംഗ് & ജിയോളജി വകുപ്പിന്റെ കണക്കനുസരിച്ച് 1385 കരിങ്കൽ ക്വാറികൾ നിയമാനുസൃതം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ക്വാറികളിൽ അംഗീകൃതമായത് ഏതെല്ലാം, അനധികൃതമായത് ഏതെല്ലാം എന്ന് വകുപ്പ് തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്നതായി, മൈനിംഗ് & ജിയോളജി വകുപ്പ് കണ്ടെത്തിയ ക്വാറികൾ നിയമ നടപടികൾ സ്വീകരിച്ച് നിർത്തി വയ്പിച്ചിട്ടുണ്ട്. മറ്റ് അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികളുടെ എണ്ണം പ്രത്യേകം ശ്രദ്ധയിൽ വന്നിട്ടില്ല. |
| (സി) | ഉണ്ടെങ്കിൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട അംഗീകൃത പാറ ക്വാറികളുടെയും അനധികൃത പാറ ക്വാറികളുടെയും വിശദാംശം വില്ലേജ് തിരിച്ച് അറിയിക്കാമോ? | (സി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കല്ലുവാതുക്കൽ വില്ലേജിൽ സർവ്വേ നമ്പർ 359/2,3-1, 15-ൽപ്പെട്ട സ്ഥലത്ത് ശ്രീ.ഗോപാലകൃഷ്ണക്കുറിപ്പ്, ജി.കെ ഇൻഡസ്ട്രീസ്, കല്ലുവാതിക്കൽ, കൊല്ലം എന്ന പേരിൽ ഒരു ക്വാറിയിംഗ് ലീസിൽ നിലവിൽ കാലാവധിയുണ്ടെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ മറ്റ് വില്ലേജുകളിൽ അംഗീകൃത പാറക്വാറികൾ ഒന്നും തന്നെയില്ല . അനധികൃത ക്വാറികളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ